പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 111 — 28.10.2019-ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊച്ചി മെട്രോയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 1. കൊച്ചി മെട്രോ ഘട്ടം I – (ആലുവ മുതൽ പേട്ട വരെ) - പുതുക്കിയ പദ്ധതി തുകയായ 5687.79 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, ആലുവ മുതൽ തൈക്കൂടം വരെ ഘട്ടം ഘട്ടമായി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുകയും ചെയ്തു.<br>2. കൊച്ചി മെട്രോ ഘട്ടം I എ – (പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെ) - പുതുക്കിയ പദ്ധതി തുകയായ 710 കോടി രൂപ (നികുതി ഉൾപ്പെടെ) യുടെ ഭരണാനുമതി നൽകി.<br>3. കൊച്ചി മെട്രോ ഘട്ടം I ബി - (എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ) - പുതുക്കിയ പദ്ധതി തുകയായ 356 കോടി രൂപയുടെ ഭരണാനുമതി നൽകി<br>4. കൊച്ചി മെട്രോ ഘട്ടം II (ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെ) - പദ്ധതിക്ക് ഭരണാനുമതി നൽകി. നിലവിൽ കേന്ദ്രസർക്കാരിന്റെ അന്തിമാനുമതിക്കായി അയച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി നൽകിയതനുസരിച്ച് സീപോർട്ട് എയർപോർട്ട് റോഡിന്റെ വീതി കൂട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചു<br>5. കൊച്ചി മെട്രോ സ്റ്റേഷനുകളുടെ സമീപസ്ഥലങ്ങളിൽ സേവനം നടത്തുന്നതിന് പരിസ്ഥിതി സൗഹൃദ ഇ-ഓട്ടോ സംവിധാനം നടപ്പിൽ വരുത്തി<br>6. UMTA ബിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ ബിൽ നിലവിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.<br>7. വിവിധ വിനിമയങ്ങൾ സംയോജിപ്പിച്ചു കൊണ്ട് ആക്സിസ് ബാങ്കിന്റെ പങ്കാളിത്തത്തോടെ കൊച്ചി മെട്രോയുടെ കീഴിൽ കൊച്ചി വൺ കാർഡ് നടപ്പിൽ വരുത്തി.<br>8. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാക്കനാട് കുന്നുംപുറത്തുള്ള പി.ഡബ്ല്യു.ഡി ലാന്റ് കൊച്ചി മെട്രോയ്ക്ക് കൈമാറുകയുണ്ടായി |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ ഓണക്കാലത്ത് യാത്രക്കാരെ ആകർഷിക്കാനായി നടപ്പിലാക്കിയ പദ്ധതികൾ ഫലം കണ്ടുവോയെന്നും ആ പദ്ധതികൾ എന്തുമാറ്റമുണ്ടാക്കിയെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ? | (ബി) | ഓണക്കാലത്ത് മൂന്ന് ദിവസങ്ങളിൽ മെട്രോ സർവ്വീസ് രാത്രി 11 മണി വരെ നീട്ടിയതിനാൽ ഏകദേശം 3500 യാത്രക്കാർക്ക് അതിന്റെ പ്രയോജനം ലഭിച്ചു. ഈ ദിവസങ്ങളിൽ യാത്രാനിരക്ക് നിലവിലെ നിരക്കിന്റെ 50% ഇളവും, സ്വകാര്യ വാഹനങ്ങൾ സ്റ്റേഷനുകളിൽ പാർക്കിംഗ് ഫീസ് ഇല്ലാതെ പാർക്ക് ചെയ്യുന്നതിനും അനുവദിച്ചു. ഈ മൂന്ന് ദിവസങ്ങളിൽ 2,40,046 യാത്രക്കാർ ഈ സൗജന്യം ഉപയോഗപ്പെടുത്തി. ഒരു ദിവസത്തെ ഏറ്റവും ഉയർന്ന യാത്രക്കാരുടെ എണ്ണത്തിലുള്ള റെക്കോർഡും (ഒരു ലക്ഷത്തിലധികം) ഈ ദിവസത്തിലൊന്നിൽ ആയിരുന്നു. |

സെക്ഷൻ ഓഫീസർ